# e പതംഗം

## Little kites ഡിജിററൽ മാഗസിൻ 2023-24

കുട്ടികളുടെ സർഗ സൃഷ്ടികൾ ഡിജിറ്റലാക്കി

ലോകത്തിന മുന്നിലേക്ക്.

പാറിപ്പറക്കട്ടെ ഈ പതംഗം അനന്ത വിഹായസിലേക്ക്

# ഉള്ളടക്കം


| No. | Content | Page No |
|---|---|---|
| 1 | ആമുഖം | 3 |
| 2 | ആശംസകൾ | 5 |
| 3 | വിദ്യാലയത്തെക്കുറിച്ച് | 11 |
| 4 | 2023-24 ലിറ്റിൽ കൈറ്റ് പ്രവർത്തന റിപ്പോർട്ട്. | 14 |
| 5 | പൈതൃകമ്യൂസിയം -ഗ്രാമത്തിന്റെ സാംസ്കാരിക പരിഛേദം | 15 |
| 6 | യൗവന തീക്ഷ്ണമായ കുട്ടിക്കാലം | 17 |
| 7 | പുഴയുടെ രോദനം | 18 |
| 8 | RAIN | 19 |
| 9 | बारिश-കവിത | 20 |
| 10 | അമ്മ | 21 |
| 11 | പാടുന്നതാര്? | 22 |
| 12 | കാർട്ടൂൺ | 23 |
| 13 | ജീവൻ | 24 |
| 14 | കേരളം | 25 |
| 15 | മരമുത്തശ്ശി | 26 |
| 16 | പൂക്കാലം | 28 |
| 11 | മേഘം | 29 |
| 12 | തുംബ് | 30 |
| 14 | സർക്കസ് | 31 |
| 15 | എന്തു നല്ല രുചിയാ !! | 32 |
| 16 | ഉറക്കത്തിൽ നിന്ന് | 34 |
| 17 | ഓണക്കാലം | 35 |
| 18 | തെങ്ങ് | 36 |
| 19 | പൂച്ച | 37 |
| 20 | *मेरे भावुक कवि निराला* | 38 |
| 21 | മഴ | 41 |
| 22 | മഴത്തുള്ളി | 42 |
| 23 | മഴത്തുള്ളി | 43 |
| 24 | മഴയുടെ അവസ്ഥ | 44 |

| | | |
|---|---|---|
| 25 | കഥകളി | 45 |
| 26 | ആസ്വാദനക്കുറിപ്പ് | 46 |
| 27 | പ്രണയം | 47 |


## ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലമായി സ്കൂളുകളിൽ ഹൈടെക് ക്ലാസ് റൂമുകളും ഐസിടി അധിഷ്ഠിത പഠനവും യാഥാർഥ്യമായിരിക്കുകയാണ്. ഐസിടി പ്രവർത്തനങ്ങളിൽ വിദ്യാർഥികളെക്കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി 2016 ൽ ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പേരിൽ കുട്ടികളുടെ ഒരു കൂട്ടായ്മ എല്ലാ ഹൈസ്കൂളുകളിലും പ്രവർത്തിച്ചിരുന്നു. എല്ലാ സ്കൂളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കിയതോടെ കൂടുതൽ സാങ്കേതികവിദ്യാ ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമായി. ഈ ഉപകരണങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും അവയുടെ കാര്യക്ഷമമമായ ഉപയോഗത്തിനും പരിപാലനത്തിനും അധ്യാപകരോടൊപ്പം വിദ്യർത്ഥികളെക്കൂടി ഉൾപ്പെടുത്തുവാനായി സ്കൂളുകളിൽ നിലവിലുണ്ടായിരുന്ന ഐ .റ്റി ക്ലബ്, ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി എന്നിവയെ സംയോജിപ്പിച്ച കൂടുതൽ വിപുലമായ പ്രവർത്തന പദ്ധതികളോടെ ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി ക്ലബ്ബുകൾ സ്കൂളുകളിൽ പ്രവർത്തനം ആരംഭിച്ചു.

നമ്മുടെ വിദ്യാലയത്തിലും ലിറ്റിൽ കൈറ്റ്സ് വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. സാങ്കേതികവിദ്യാ ഉപകരണങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും

അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും പരിപാലനത്തിനും അധ്യാപകരോടൊപ്പം ലിറ്റിൽ കൈറ്റ്സ് വിദ്യർത്ഥികൾ പ്രവർത്തിച്ച വരുന്നു. രക്ഷിതാക്കൾക്ക് ക്ലാസുകൾ നൽകുന്നു. ഈ വർഷം സ്കൂൾ തെരഞ്ഞെടുപ്പ വരെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ഏറ്റെടുത്ത് നടത്തി.

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൻെറ മറ്റൊരു സംരംഭമാണ് ഈ ഡിജിററൽ മാഗസിൻ . ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലെ കുട്ടികളുടെ സൃഷ്ടികളാണ് e പതംഗം എന്ന മാഗസിനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പതംഗം എന്നാൽ പക്ഷി . വിജ്ഞാനത്തിന്റെയും വിജയത്തിന്റെയും വിഹായസ്സിൽ പുതിയ ലോകങ്ങൾ തേടിക്കൊണ്ട് അതങ്ങനെ പറക്കുകയാണ്. കുട്ടികളുടെ അനന്തമായ ഭാവനയ്ക്ക് ചിറകുകൾ നൽകിയപ്പോൾ അത് ഈ രൂപത്തിലായി. കിളിപ്പാട്ടിന്റെ പാരമ്പര്യം ഉൾക്കൊണ്ട് സർഗ്ഗ സൃഷ്ടിയിൽ ഹരിശ്രീ കുറിക്കുന്ന കുഞ്ഞുങ്ങളെ ആത്മാർത്ഥമായി അഭിനന്ദിച്ച കൊണ്ട് നമുക്ക് പറത്തി വിടാം e പതംഗ ത്തെ സർവലോക ജാലിയിലേക്ക്.

# ആശംസ



**ശ്രീമതി സി കോമളവല്ലി (HM, GHS BANAM)**

സ്കൂൾ കുട്ടികളുടെ മാനസികവും ബുദ്ധിപരവുമായ ശേഷികൾ വർധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ലിറ്റിൽ കൈറ്റ്സ് എന്ന പേരിൽ ഒരു ഐടി കൂട്ടായ്മ കേരളത്തിലെ ഒട്ടുമിക്ക ഹൈസ്കൂളുകളിലും പ്രവർത്തിച്ചുവരികയാണ്.കൈറ്റ് മിസ്ട്രസ്,കൈറ്റ് മാസ്റ്റർ ഇവരുടെ നേതൃത്വത്തിൽ വിവിധങ്ങളായ പരിപാടികൾ നടന്നു വരുന്നു.കുട്ടികളിൽ ആനിമേഷൻ,പ്രോഗ്രാമിങ്,വീഡിയോ എഡിറ്റിംഗ്,മലയാളം ടൈപ്പിംഗ്,ഡോക്കുമെന്റേഷൻ,റോബോട്ടിക്സ് ഇവയെല്ലാം ചെറിയ ക്ലാസ്സിൽ നിന്നു തന്നെ പരിചയപെടുന്നതിനും പരിശീലിക്കുന്നതിനും കുട്ടികൾക്ക് സാധിക്കുന്നു എന്നുള്ളത് വളരെ അഭിമാനമുള്ള കാര്യമാണ്.ഇത്തരം പരിശീലനങ്ങൾ കുട്ടികൾക്ക് ഭാവിയിൽ ഒരു മുതൽ കൂട്ടാവും എന്നതിൽ സംശയമില്ല. കുട്ടികൾക്ക് മാത്രമല്ല ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ രക്ഷിതാക്കൾക്കും കമ്പ്യൂട്ടർ പരിജ്ഞാനം ലഭിക്കുന്നതിന് വിദഗ്ധരുടെ ക്ലാസുകൾ നൽകി വരുന്നു .ബാനം ഗവ: ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ് സ് യൂണിറ്റിന്റെ e പതംഗം മാഗസിന് എല്ലാ വിധ ആശംസകളും..

## ആശംസ



### ശ്രീ.പി.കെ ബാലചന്ദ്രൻ

(സീനിയർ അസിസ്ററൻറ്, ജി എച്ച് എസ് ബാനം)

ബാനം ഗവൺമെൻറ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് 2023-24 ബാച്ച് അംഗങ്ങളുടെ ഡിജിറ്റൽ മാഗസിൻ ഉള്ളടക്കം കൊണ്ടും അവതരണം കൊണ്ട് മികച്ചതാവട്ടെ. ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു. കഥകളായും കവിതകളായും കുട്ടികളുടെ സർഗ്ഗ സൃഷ്ടികൾ ഈ മാഗസിന് ചാരുത പകരട്ടെ.

എല്ലാവിധ ഭാവുകങ്ങളും നേരുന്നു.



ശ്രീ.സഞ്ജയൻ മനയിൽ

(സ്റ്റാഫ് സെക്രട്ടറി, GHS BANAM )

പ്രിയപ്പെട്ടവരെ,

ബാനം ഗവണ്മെന്റ് ഹൈ സ്കൂൾ ലിറ്റിൽ കൈറ്റ് ക്ലബ്ബ് കുട്ടികൾ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നതിൽ വളരെ സന്തോഷം.ഞാനും അതിന്റെ ഭാഗമാകുന്നു.. കുട്ടികളിൽ ഒളിഞ്ഞു കിടക്കുന്ന സാഹിത്യവും ചിത്രരചനാ പരവും ആയ കഴിവുകളെ വെളിച്ചത്തു കൊണ്ടു വരാൻ ഇത്തരം പ്രവർത്തനങ്ങൾക്ക് ആകും.. എന്റെയൊക്കെ കുട്ടിക്കാലത്ത് കൈയ്യെഴുത്തു മാഗസിനുകൾ ആയിരുന്നു.കാലം മാറി. കുട്ടികൾ മാറി. അവരുടെ അഭിരുചികളും കാഴ്ചപ്പാടുകളും മാറി.. ഇത് ഡിജിറ്റൽ യുഗമാണ്.. അതുകൊണ്ട് തന്നെ കാലത്തിനനുസരിച്ച് മനോഹരമായ ഒരു ഡിജിറ്റൽ മാഗസിൻ കുട്ടികൾ തയ്യാറാക്കുകയാണ്.. പുതിയ ലോകത്തെ നോക്കിക്കാണുന്ന കുട്ടികൾക്ക് ഭാവനയുടെ വിശാലമായ വിഹായസ്സിലേക്ക് പറന്നുയരാനുള്ള അഗ്നിചിറകുകൾ ആകാൻ പ്രിയപ്പെട്ട മക്കളുടെ ഈ സാഹിത്യ വിരുന്നിന് കഴിയട്ടെ. എല്ലാവിധ ആശംസകളും...



ശ്രീ. മനോജ് കുമാർ പി

PTA പ്രസിഡന്റ്

GHS ബാനം

വായിച്ചാലും വളരും

വായിച്ചില്ലേലും വളരും

വായിച്ചു വളർന്നാൽ വിളയും

വായിക്കാതെ വളർന്നാൽ വളയും

എന്ന കവി വാക്യം അന്വർത്ഥമാക്കിക്കൊണ്ട് , കുട്ടികളുടെ സർഗ്ഗവാസനകളെ പോഷിപ്പിക്കുന്നതിനു വേണ്ടി ബാനം ഗവ: ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന e പതംഗം മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

# ജി.എച്ച്.എസ്.ബാനം



## ചരിത്രം

സമൂഹ നന്മയും ജനക്ഷേമവും ലക്ഷ്യമാക്കിയ ബാനം ഗ്രാമത്തിലെ ഒരുകൂട്ടം വിജ്ഞാന കുതുകികളുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി 1956 ൽ ഏകാധ്യാപക വിദ്യാലയം ആയിട്ടാണ് ബാനം ഗവൺമെന്റ്സ്കൂൾ പ്രവർത്തനം ആരംഭിച്ചത് .ബാനം ചെരപ്പാറ എന്ന സ്ഥലത്ത് ചെരക്കര അമ്പു നായർ താൽക്കാലികമായി നൽകിയ സ്ഥലത്ത് ചെരക്കര കോരൻ നായർ ഉൾപ്പെടെയുള്ളവരുടെ സഹായത്തോടെ താൽക്കാലികമായ ഷെഡ്ഡിൽ ബാനം ഗവൺമെന്റ്എൽ പി സ്കൂൾ പിറവിയെടുത്തു.അവികസിതവും വനനിബിഡവുമായ ബാനം പ്രദേശത്ത് സ്ഥാപിതമായ ആദ്യത്തെ എൽ പി സ്കൂൾ അന്നത്തെ തലമുറയ്ക്ക് ഉത്സവച്ഛായ പകർന്ന സംഭവമായിരുന്നു. 1980 ൽ ബാനം എൽ പി സ്കൂൾ ബാനം യു പി സ്കൂളായി ഉയർത്തി. 2014 ൽ ആർ എം എസ് എ പദ്ധതിയുടെ കീഴിൽ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു. 2017-18 വർഷത്തിൽ മറ്റു ഗവ.ഹൈസ്കൂളുകളോടൊപ്പമുള്ള പദവിയിലെത്തി.അതോടെയാണ് ഹെഡ്മാസ്റ്റർ തസ്തികയും ഹൈസ്കൂൾ വിഭാഗത്തിലെ മുഴുവൻ തസ്തികകളും അനുവദിച്ചത്.ശ്രീ രഘു മിന്നിക്കാരനായിരുന്നു ബാനം ഗവ.ഹൈസ്കൂളിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ.2018 ൽ

കാസർഗോഡ് പാക്കേജിൽ അനുവദിച്ച 8 മുറികളുള്ള പുതിയ രണ്ടുനില കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെട്ടു. ബാനത്തെ ജനങ്ങളുടെ സാമൂഹിക സാംസ്കാരിക സാമ്പത്തിക വളർച്ചയ്ക്ക് നിദാനമായ വിദ്യാഭ്യാസത്തിന് അവസരം ഒരുക്കി തലയെടുപ്പോടെ ബാനം ഗവൺമെന്റ്ഹൈസ്കൂൾ പരിലസിക്കുന്നു.ഇനിയും പുതിയ തലമുറയ്ക്ക് ഉന്നത വിദ്യാഭ്യാസം നൽകാൻ തയ്യാറായി പ്രതിസന്ധികളെ മറികടന്ന് ഈ സരസ്വതീ ക്ഷേത്രം മുന്നേറുകയാണ്. പരിമിതികൾക്കുള്ളിലും ബാനം ഗവ. ഹൈസ്കൂൾ നമ്മുടെ സബ്ജില്ലയിലെ മറ്റു ഹൈസ്കൂളുകളേക്കാൾ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ ഏറെ മുന്നിലാണ്. SSLC ക്ലാസുകൾ ആരംഭിച്ചതു മുതൽ 100 % വിജയം നേടിക്കൊണ്ടാണ് സ്കൂളിൽനിന്ന് എസ്എസ്എൽസി ബാച്ചുകൾ പുറത്തിറങ്ങിയത് .സ്കൂളിന്റെ എല്ലാതരത്തിലുള്ള വിജയത്തിന്റെ പിന്നിലും ഇവിടുത്തെ നല്ലവരായ നാട്ടുകാർ,സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ,ക്ലബ്ബുകൾ, കുടുംബശ്രീകൾ , പുരുഷ സംഘങ്ങൾ,സേവന തൽപരരായ അധ്യാപകർ,പ്രവാസികൾ തുടങ്ങിയവരുടെ നിർലോഭമായ സഹായസഹകരണങ്ങളുണ്ട്.

## ഭൗതികസൗകര്യങ്ങൾ

3 ഏക്കർ ഭൂമി വിദ്യാലയത്തിന് സ്വന്തമായുണ്ട് . 7 കെട്ടിടങ്ങളിലായി 18 ക്ലാസ്സമുറികളാണ് സ്കൂളിന് ഉള്ളത് . അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. ശ്രീ പി കരുണാകരൻ എം പിയുടെ എം പി ഫണ്ടിൽ നിന്നു അനുവദിച്ച കിട്ടിയ തുക ഉപയോഗിച്ച് വാങ്ങിയ സ്കൂൾ ബസ് സ്കൂളിന് സ്വന്തമായുണ്ട്. എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഹൈടെക് ക്ലാസ് മുറികൾ , കമ്പ്യൂട്ടർ ലാബ്,ലൈബ്രറി എന്നിവയുണ്ട്.

**പാഠ്യേതര പ്രവർത്തനങ്ങൾ**



- ✔ കരിയർ ഗൈഡൻസ്.
- ✔ ക്ലാസ് മാഗസിൻ.
- ✔ വിദ്യാരംഗം കലാ സാഹിത്യ വേദി.
- ✔ സ്കൗട്ട് & ഗൈഡ്സ്
- ✔ പരിസ്ഥിതി ക്ലബ്ബ്
- ✔ പൈതൃക മ്യൂസിയം
- ✔ ലിറ്റിൽ കൈറ്റ്സ്
- ✔ ജൈവ വൈവിധ്യ ഉദ്യാനം
- ✔ ഔഷധത്തോട്ടം
- ✔ സീഡ്
- ✔ നല്ല പാഠം







**<u>2023 - 24 അധ്യയനവർഷത്തെ ലിറ്റിൽ കൈറ്റ് പ്രവർത്തന റിപ്പോർട്ട്.</u>**

മലയോര മേഖലയിലെ ബാനം ഗ്രാമത്തിലെ ജനങ്ങളുടെ പ്രതീക്ഷയായ ജി എച്ച് എസ് ബാനത്തിലെ പ്രതിഭാധനരായ

വിദ്യാർത്ഥികൾ കലാ കായിക രംഗത്തും അക്കാദമിക രംഗത്തും എന്നും മുൻപന്തിയിലാണ്. ഇവിടത്തെ ലിറ്റിൽ കൈറ്റ് യൂണിറ്റും വളരെ മികച്ച പ്രകടനത്തിലൂടെ മാതൃകാപരമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.
ഈ വർഷം 8, 9 , 10 ക്ലാസുകളിലായി 60 കുട്ടികൾ ലിറ്റിൽ കൈറ്റിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. വിദ്യാലയത്തിന്റെ ദൈനം ദിന പ്രവർത്തനങ്ങളിൽ ഹൈടെക് ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ അധ്യാപകർക്ക് എന്നും സഹായ ഹസ്തവുമായി അവർ മുന്നിലുണ്ട്. കൂടാതെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തി വരുന്നു.

## Routine class



ബുധനാഴ്ചകളിലോ ശനിയാഴ്ചകളിലേ ആയി 8, 9 ക്ലാസുകൾക്ക് Routine ക്ലാസുകൾ നടന്നു വരുന്നു. കുട്ടികൾ ഊർജ്ജസ്വലരായി ക്ലാസുകളിൽ പങ്കെടുക്കുകയും ക്ലാസിന്റെ കൃത്യമായ ഡയറി എഴുതി സൂക്ഷിക്കുകയും ചെയ്യുന്നു.

<u>സെലക്ഷൻ ടെസ്റ്റ്</u>

2023 - 26 ബാച്ചിലേക്കുള്ള കുട്ടികളെ തിരഞ്ഞെടുക്കാൻ ഉള്ള സെലക്ഷൻ ടെസ്റ്റ് ന് നടന്നു. പങ്കെടുത്ത 17 കുട്ടികളും യോഗ്യത നേടി. ബാച്ച് അനുവദിച്ചു കിട്ടി.

<u>പ്രിലിമിനറി ക്യാമ്പ്</u>






എട്ടാം ക്ലാസിലെ കുട്ടികൾക്കായുള്ള പ്രിലിമിനറി ക്ലാസ് 2023 ജൂലൈ 21 ന് നടന്നു. മാസ്റ്റർ ട്രെയിനർ മനോജ് മാസ്റ്റർ ക്ലാസ് നയിച്ചു. ആനിമേഷൻ, സ്ക്രാച്ച്, റോബോട്ടിക്സ് തുടങ്ങിയവയെക്കുറിച്ച് കുട്ടികൾക്കും ധാരണ ഉണ്ടായി.

ഫ്രീഡം ഫെസ്റ്റ്

സ്വതന്ത്ര വിജ്ഞാനോത്സ സന്ദേശം ഉൾക്കൊള്ളുന്നതിനും



പ്രചരിപ്പിക്കുന്നതിനുമായി ഫ്രീഡം ഫെസ്റ്റ് 2023 ആഗസ്റ്റ് 9, 10, 11 തീയതികളിൽ നടന്നു. സോഫ്റ്റ്വെയർ ഇൻസ്റ്റലേഷൻ ശില്പശാല , പോസ്റ്റർ നിർമ്മാണ മത്സരം , ഇലക്ട്രോണിക്ക് പഠനോപകരണങ്ങളുടെയും റോബോട്ടിക് പ്രൊജക്ടുകളുടെയും എക്സിബിഷൻ എന്നവ സംഘടിപ്പിച്ചു. സ്വതന്ത്ര സോഫ്റ്റ്‌വെയർ എന്താണെന്നും അതിന്റെ പ്രാധാന്യമെന്തെന്നും മനസിലാക്കാൻ ഫ്രീഡം ഫെസ്റ്റ് കൊണ്ട് സാധിച്ചു.

സ്കൂൾ ക്യാമ്പ്

ഒൻപതാം തരത്തിലെ കുട്ടികൾക്കായുള്ള സ്കൂൾ തല ക്യാമ്പ് 2023



സെപ്റ്റംബർ 2 ന് നടന്നു. GHS കാലിച്ചാനടുക്കത്തെ Kite mistress റീന ടീച്ചർ ക്ലാസ് കൈകാര്യം ചെയ്തു. ക്യാമ്പിൽ

മികച്ച പ്രകടനം കാഴ്ച വെച്ച കുട്ടികളെ സബ് ജില്ലാ ക്യാമ്പിൽ പങ്കെടുപ്പിച്ചു.

<u>സ്കൂൾ പാർലമെന്റ് ഇലക്ഷൻ</u>

ഈ വർഷത്തെ സ്കൂൾ പാർലമെന്റ് ഇലക്ഷൻ 19/07/2023 ന് നടന്നു. വോട്ടിങ് മെഷീൻ ഉപയോഗിച്ചാണ് വോട്ട് ചെയ്തതും വിജയികളെ തിരഞ്ഞെടുത്തതും. ലിറ്റിൽ കൈറ്റിലെ കുട്ടികളാണ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്തതു മുതൽ തെരഞ്ഞെടുപ്പ് പ്രക്രയ പൂർത്തിയാക്കുന്നതു വരെയുള്ള മുഴുവൻ പ്രവർത്തനങ്ങളും ചെയ്തത്. അധ്യാപകർ നിർദേശങ്ങൾ നൽകിയും നിരീക്ഷിച്ചും കൂടെ ഉണ്ടായിരുന്നു.



# പൈതൃകമ്യൂസിയം -ഗ്രാമത്തിന്റെ സാംസ്കാരിക പരിഛേദം

ബാനം ഗവണ്മെന്റ് ഹൈ സ്കൂൾ പൈതൃകമ്യൂസിയം ഗ്രാമത്തിന്റെ കാർഷിക സാംസ്കാരിക പാരമ്പര്യം ഉയർത്തിക്കാണിക്കുന്ന അമൂല്യ സമ്പത്താണ്.. കഴിഞ്ഞ ഏഴ് വർഷമായി നമ്മുടെ സ്കൂളിന്റെ അടയാളപ്പെട്ടുത്തലായി പൈതൃകമ്യൂസിയം നില കൊള്ളുന്നു.



2017 ജൂൺ മാസത്തിലാണ് പൈതൃകമ്യൂസിയത്തിന്റെ തുടക്കം.. അദ്ധ്യാപകരായ പി. കെ. ബാലചന്ദ്രൻ മാഷ്, ടി വി പവിത്രൻ മാഷ്, സഞ്ജയൻ മനയിൽ മാഷ്, ഏലിയാമ്മ ടീച്ചർ, ഗീത ടീച്ചർ, കെ കെ രാജൻ മാഷ്, ശ്രീധരൻ തെക്കുമ്പാടൻ മാഷ്, തുടങ്ങിയവർ നേതൃ പരമായ പങ്കു വഹിച്ചു.ടി. വി. പവിത്രൻ മാഷ് ആയിരുന്നു കൺവീനർ.. ബാനം നാട് കൂടാതെ അങ്ങ് പുല്ലൂർ വരെയുള്ള നാട്ടിൽ പോയി പൈതൃകമൂല്യങ്ങൾ തേടിപിടിച്ചു കൊണ്ടു വന്നതിനു പിന്നിലെ നിസ്സീമമായ പ്രവർത്തനവും സ്മരണയിൽ തുളുമ്പി നിൽക്കുന്നു.. പല തറവാട്ടുകളുടെയും തട്ടിൻ പുറത്ത് ഭദ്രമായി സൂക്ഷിച്ചിരുന്ന ഓലങ്കം പോലുള്ള അമൂല്യ വസ്തുക്കൾ കൈമാറുമ്പോൾ ആ വൃദ്ധമനസ്സുകളുടെ മിടിപ്പ് ഇപ്പോഴും ഇട നെഞ്ചിലുണ്ട്. നമ്മൾ അവ പൊന്നുപോലെ സംരക്ഷിക്കും എന്ന ഉറപ്പു മാത്രം ഇനിയും, പ്രിയപ്പെട്ടവരെ നിങ്ങൾക്ക് നൽകുന്നു... കാർഷിക

ഉപകരണങ്ങൾ കൈമാറിയ പലരും ഈ കാലത്തിനിടയ്ക്ക് നമ്മെ വിട്ടു പിരിഞ്ഞിട്ടുണ്ട്.. ഓരോ അമൂല്യ വസ്തുക്കളും തരം തിരിച്ച് പേരെഴുതി ലാമിനേഷൻ ചെയ്ത് വെക്കുക വിശ്രമമില്ലാത്ത പണിയായിരുന്നു.. സ്കൂൾ സ്റ്റാഫ് പ്രശോബ്, മുൻ പി ടി എ പ്രസിഡന്റ് പി രാജീവൻ എന്നിവരാണ് അത്തരം പ്രവർത്തനങ്ങൾ ഏറെക്കുറെ ചെയ്തുതീർത്തത്..പൈതൃക മ്യൂസിയത്തിനായി മനോഹരമായ ഒരു മന്ദിരം അനുവദിച്ച് കിട്ടാൻ ബാലചന്ദ്രൻ മാഷ് നടത്തിയ ശ്രമങ്ങൾക്ക് കണക്കില്ല. പക്ഷെ ആ ആഗ്രഹം ഇന്നും ബാക്കിയായി നിൽക്കുന്നു.2017 ഒക്ടോബർ 2 ന് ഗാന്ധി ജയന്തി ദിനത്തിലാണ് പൈതൃകമ്യൂസിയം ഔപചാരികമായി ഉത്ഘാടനം ചെയ്യപ്പെട്ടത്.. അന്നുമുതൽ ഇന്നുവരെ ധാരാളം പ്രദർശനനഗരിയിൽ പൈതൃകമ്യൂസിയം പ്രദർശനം നടത്തി ആയിരക്കണക്കിന് ആൾക്കാരുടെ പ്രശംസ നമുക്ക് കിട്ടി.. പഴയ കാല സംസ്കൃതിയുടെ ഒരു റഫറൻസ് ഗ്രന്ഥം തന്നെയാണ് നമ്മുടെ മ്യൂസിയം.. ഓട്ടു വിളക്ക്, പെട്രോമാക്സ്, റാന്തൽ, കട്ടപ്പെട്ടി, കലപ്പ,, നുകം,, ആമാടപ്പെട്ടി,, നിലം തല്ലി, റേഡിയോ,, തുടങ്ങി ഇരുന്നൂറോളം വ്യത്യസ്ത പൈതൃക സമ്പാദ്യങ്ങളാണ് നമുക്കുള്ളത്.. അവ സംരക്ഷിച്ച് നിർത്താനുള്ള ഒരു നല്ല മന്ദിരം നമുക്കില്ല എന്ന സങ്കടം ബാക്കി നിൽക്കുന്നു..അദ്ധ്യാപകരായ ബാലചന്ദ്രൻ, ലത, സഞ്ജയൻ, നിശാന്ത് എന്നിവരടങ്ങിയ സമിതി യാണ് ഇപ്പോൾ പൈതൃകമ്യൂസിയം സംരക്ഷിക്കുന്നത്.. നമ്മുടെ നാടിന്റെ കാർഷിക സാംസ്കാരിക, തനിമ നിറഞ്ഞ ഇന്നലെകളുടെ തിരുശേഷിപ്പ് ഇനി നമ്മുടെ കൈലാണ്.. നമുക്കവ വരും തലമുറക്ക് കെടാ വിളക്കായി കൈമാറാം...

# യൗവന തീക്ഷ്ണമായ കുട്ടിക്കാലം

പെട്ടെന്ന് വന്ന ഒരു തോന്നൽ.... ആ തോന്നലിൽ പിടിച്ചു തൂങ്ങിയ ആശയങ്ങൾ...ഒരുപാട് ചിന്തിക്കാനുള്ള സമയവുമില്ല...വല്ലാത്തൊരു അവസ്ഥ തന്നെ..സ്വയം പറഞ്ഞു കൊണ്ടിരിക്കുകയാണ് അവള്...എന്ത് ചെയ്യണം എന്ന് അറിയില്ല.തന്റെ കൈകൾക്ക് തളർച്ച സംഭവിച്ചത് പോലെയുള്ള തോന്നൽ..കൈകൾ വിറയ്ക്കുന്നുണ്ടായിരുന്നു.അക്ഷരങ്ങൾ ഇരുത്തിയ സ്ഥാനത്ത് നിന്ന് മറിപോയ്ക്കൊണ്ടിരിക്കുന്നു. അപ്പോൾ വാക്കുകളും അർത്ഥങ്ങളും മാറുന്നു. താൻ ഉരുകി കൊണ്ടിരിക്കുന്ന മെഴുകുതിരി ആണെന്ന് അവള് സ്വയം സങ്കൽപ്പിക്കുന്നു.പക്ഷെ അവള് കൗമാരം വിട്ട് യൗവ്വന ത്തിലേക്ക് പ്രവേ ശിച്ചിട്ട് നാളുകൾ മാത്രമേ കഴിഞ്ഞുള്ളൂ... യൗവ്വനത്തിന്റെ ചിന്തകളിലെ കുട്ടിപിശാശുക്കൾ അവളെ പിടികൂടിയ തകാനും സാധ്യത ഉണ്ട്..തന്റെ ചിന്തകളും കണ്ണുകളും തന്നെ വഞ്ചി ക്കുക യാണോ....അവളുടെ ചോദ്യത്തിന് ഉത്തരമില്ല..അവളുടെ ഉത്തരമില്ലാത്ത ചോദ്യത്തിന് ,ഒരു ഉത്തരമായി,അതെ അവളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യ മാകാൻ നിമിഷങ്ങൾ മാത്രം...സ്വര◌ുക്കൂട്ടിയ ചിന്തകളും ആശയങ്ങളും അവളെ സ ലക്ഷ്യത്തിന്റെ മുൻപിൽ എത്തിച്ചു. ലക്ഷ്യം വളരെ ചെറുതാണ്.കേൾക്കുമ്പോൾ ഹാസ്യങ്ങൾ നിറഞ്ഞ ഒരു വിഡ്ഢിത്തം ആണെന്നും തോന്നും..ഒരു തവണയെങ്കിലും കുന്നിക്കുരു ഒന്ന് തൊടണം ..അതാണ് അവളെ വചാലയാക്കിയ ലക്ഷ്യം..അങ്ങനെ അവള ത് സാധിച്ചു... താൻ വാശി പിടിച്ചത് കൊണ്ടാകാം ആ സാധനം അവൾക്ക് അച്ഛൻ വാങ്ങി കൊടുത്ത ത്. യൗവ്വന ത്തിലെ കുട്ടി പിശാചുകൾക്ക് കുട്ടിത്തം മാറിയിട്ടില്ല... ചെറിയ സാധന ങ്ങളിലും കൗതുകം ഉളവാക്കുന്ന ഒരു കുട്ടി അവളിൽ ഇന്നും ഉണർന്നിരിക്കുന്നു.......

## പുഴയുടെ രോദനം

എന്തിന് നിങ്ങളെന്റെ
ജീവനെടുക്കുന്നു ?
എന്തിന് നിങ്ങളെന്റെ
ജീവനെടുക്കുന്നു....?
ഒരു പുഴയല്ലേ...... ഞാനെന്ത് ചെയ്തിട്ടാണ്...?
പല പൈപ്പുകൾ വഴി നിങ്ങളെന്റെ
ദേഹത്തേക്കൊഴുക്കി വിടുന്നു മലിന ജലം
എൻ ഗർഭ പാത്രത്തിലുണ്ടനേകം
മത്സ്യ കുഞ്ഞുങ്ങൾ അവരെയും
നശിപ്പിക്കണോ ?..
നിങ്ങൾ വലിച്ചെറിയും പ്ലാസ്റ്റിക് കവറുകൾ
എൻ ദേഹമൊട്ടാകെ നശിപ്പിക്കുന്നു.
എൻ കുഞ്ഞുങ്ങളവരെയും നശിപ്പിക്കുന്നു.
നിങ്ങളെന്റെ രോദനം കേൾക്കുന്നില്ലേ ?
നിങ്ങളെന്റെ രോദനം കേൾക്കുന്നില്ലേ?

അനാമിക ഹരീഷ് STD 8






# RAIN

Rain is our life
Rain is very beautiful
Rain is a gift from God
Rain is something we need

Rain is very beneficial
If there is a rain there is water everywhere
Rain is our life
Rain is very beautiful

Drupath P STD 7



# बारिश

बारिश को सुनो तुम....
बारिश को सुनो।
ये बारिश ही हैं
जो शहीदों की कहानियां

बखान करती हैं।
तुम्हें...
बारिश की आवाज़
पता होनी चाहिए।
बारिश को सुनो तुम...
बारिश को सुनो।

हर्षित ए वी
कक्षा : सात
जी एच एस बानम

# അമ്മ



ഞാൻ ആദ്യം ചൊല്ലിയ വാക്ക് അമ്മ
ഞാൻ ആദ്യം കണ്ട ലോകം അമ്മ
എൻ മനമൊന്നു പിടഞ്ഞെന്നറിഞ്ഞാൽ
എൻ അരികിലോടിയെത്തുമമ്മ
ഞാൻ പിച്ച വെക്കുന്ന കാലിടറിയാൽ
എത്തിപ്പിടിക്കുമെൻ പിഞ്ചു കരമമ്മ
സൂര്യനും ചന്ദ്രനും പോരാതെ
ഭൂമിക്കും തുല്യമാണമ്മ
എന്നും തിളങ്ങുന്ന പൊൻ വിളക്കാണമ്മ
എണ്ണ വറ്റാതെ നാം കാത്തിടേണം

അനാമിക ഹരീഷ്
STD 8

# പാട്ടുന്നതാര്?

കുഞ്ഞു കാട്ടിലെ തേൻ പരപ്പിൽ
കുഞ്ഞു കിളി യായി പടുന്നതാരു?
മരച്ചില്ലയിലെ തേന്തുറും പൂമരം
കൊമ്പിൽ പാടുന്നതാരു?
കിളി കളോ അതോ കാട്ടു പൂഞ്ചോളകളോ?
അതോ മനസ്സിലെ തേന്തുറും സ്വപ്നമോ?
ആരാണ് വയലുകൾ തോറും പാടി നടന്നത്
ഇളം കാട്ടിലെ ശൂന്യത
ഏറ്റും കിളി കളോ
ആരാണ്?
ആരാണ് ഈ പ്രകൃതിയിൽ മനോഹരമായ ശബ്ദം ഉണ്ടാക്കുന്നത്?
ആരാണ് തേന്തുറും ശബ്ദവുമായി നടക്കുന്നത്
സ്വപ്നത്തിലെ കുഞ്ഞി കിളി കളോ



ഹരിദേവ് STD 6



# കാർട്ടൂൺ




അഞ്ചിത




ആരാധ്യ STD8

## ജീവൻ

ഒരിടത്ത് ഒരു കുടുംബമുണ്ടായിരുന്നു...അവിടെ നാലു പേരായിരുന്നു താമസിച്ചിരുന്നത്..ശ്വേതയും അച്ഛനും അമ്മയും അനിയനും അടങ്ങുന്നതായിരുന്ന് ആ കുടുംബം.അമ്മയ്ക്കും അനിയനും ശ്വേതയെ ഇഷ്ടമായിരുന്നില്ല... അവള് പെൺകുട്ടി ആയത് കൊണ്ടായിരുന്നു ആ ഇഷ്ടക്കേട്.അവൾക്ക് കൂട്ടായി അച്ഛൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ.ആറാം ക്ലാസ്സ് വിദ്യാർത്ഥിയായ അവളുടെ അച്ഛൻ ഒരു പ്രവാസി കൂടിയാണ്. അച്ഛൻ വിദേശത്തേയ്ക്ക് പോയി കഴിഞ്ഞാൽ അവള് പിന്നെ ഒറ്റക്കാണ്. വീട്ടിലെ മുഴുവൻ ജോലികളും അവള് ഒറ്റക്ക് ചെയ്യണം .അതിനു ശേഷമാണ് സ്കൂളിലേക്ക് പോകുന്നത്.ഒരു ദിവണം സ്കൂളിൽ നിന്ന് വരുന്ന വഴി ഒരു പാമ്പ് അവളെ കടിച്ചു.വേദന കൊണ്ടവൾ ഉറക്കെ നിലവിളിച്ചു. ആ നിലവിളി ആരും കേട്ടില്ല.. അവള് എങ്ങനോക്കെയോ വീട്ടിലെത്തി അമ്മയോട് കാര്യം പറഞ്ഞു.അമ്മ പക്ഷേ കേട്ട ഭാവം കാണിച്ചില്ല... അവൾക് സങ്കടം സഹിക്കാനായില്ല.. പതിയെ അവളുടെ കണ്ണുകൾ അടഞ്ഞു... അവള് ദൂരേക്ക് യാത്ര ആയി....



സൗഭാഗ്യ പി STD 7

# കേരളം



കേരം തിങ്ങിയ നാടിനേയല്ലോ കേരള മെന്ന് വിളിക്കുന്നു
മലകൾ നിറഞ്ഞൊരു നടിനേയല്ലോ കേരള മെന്ന് വിളിക്കുന്നു
തുഞ്ചൻ നും കുഞ്ചൻ നും വാണ നാട്
കളരി പയറ്റ്പിറന്ന നാട് ഓട്ടം തുള്ളലിൻ ജന്മനാട്
കഥകളി മുഖ്യ കലയുമാണ്
മഞ്ഞുണ്ട് മഴയുണ്ട് വെയിലുമുണ്ട്
കേരളം എന്നൊരു പുണ്യ നാട്ടിൽ
കോടിക്കണക്കിന് തരുവു മുണ്ട്
കുസുമ ത്തിൻ നല്ലൊരു വണ്ടുമുണ്ട്
ഇതെല്ലാം കൂടിയാണല്ലോ
കേരള മെന്നോ രു പുണ്യ നാട്

അലൈജിത അജയൻ STD 5

# മര മുത്തശ്ശി



ഒരു കാട്ടിൽ ഒരു മുത്തശ്ശി മരം ഉണ്ടായിരുന്നു. മരമുത്തശ്ശി ക്ക് ഏറെ പ്രായം ഉണ്ടായിരുന്നു. മുത്തശ്ശി കൃത്യമായി പൂക്കും കായ്ക്കും മാത്രമല്ല മരത്തിൽ മരംകൊത്തിയും ചിത്ര ശലഭങ്ങളും. സന്തോഷമായി ജീവിച്ചിരുന്നു. മരപ്പൊത്തിൽ പാമ്പും എലികളും മരത്തണലിൽ മനുഷ്യരും വിശ്രമിച്ചിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം ഒരു മരം വെട്ടുകാരൻ ആ മരച്ചുവട്ടിൽ എത്തി. എത്ര നല്ല മരം ഇത് മുറിച്ചു വിറ്റാൽ നല്ല പണം ലഭിക്കും. മരം വെട്ടുകാരൻ ഉറക്കെ പറഞ്ഞു. ഇത് കേട്ട് മരത്തിൽ താമസിക്കുന്നവർ ഞെട്ടിപ്പോയി. കാക്കച്ചി തൻെറ കുഞ്ഞുങ്ങളെ നോക്കി അവരുടെ ദയനീയമായ മുഖം കണ്ടപ്പോൾ കാക്കമ്മ ക്ക് സങ്കടം വന്നു. അതുപോലെതന്നെയായിരുന്നു മറ്റെല്ലാവർക്കും. തങ്ങൾ സന്തോഷത്തോടെ ജീവിക്കുന്നു ഈ മരം വെട്ടാൻ മനുഷ്യർക്ക് എങ്ങനെ സാധിക്കുന്നു അവരുടെയൊക്കെ ചിന്ത.. മാത്രമല്ല മരങ്ങൾ കൊണ്ട് മനുഷ്യർക്ക് എന്തെല്ലാം ഉപകാരങ്ങൾ ഉണ്ട്.. ഓരോരുത്തരും ചിന്തിച്ചു. ഇതിൽ നിന്ന് എങ്ങനെ രക്ഷപ്പെടും. അവർ പരസ്പരം ചോദിച്ചു. നമുക്ക് നമ്മുടെ സ്കൂളിലെ കുട്ടികളുടെ സഹായം തേടിയാലോ? മരമുത്തശ്ശി അവരോട് ചോദിച്ചു. ശരിയാ അവരോട് ചോദിക്കാം എല്ലാവരും പറഞ്ഞു. അങ്ങനെ കുട്ടികൾ സ്കൂൾ വിട്ടു മരച്ചുവട്ടിൽ എത്തിയപ്പോൾ മരമുത്തശ്ശി

കാര്യം പറഞ്ഞു.പിറ്റേദിവസം മരം വീട്ടുകാരും മരം മുറിക്കാൻ വന്നപ്പോൾ കുട്ടികളെല്ലാവരും ആ മരത്തിനു ചുറ്റും നിരന്നു. അവരുടെ കൈകളിൽ പ്ലക്കാർഡ് ഉണ്ടായിരുന്നു. മരം വെട്ടുകാരൻ ആകെ നാണിച്ചു തലതാഴ്ത്തി അവിടെ നിന്നും പോയി.മര മുത്തശ്ശി ക്കും കൂട്ടുകാർക്കും സന്തോഷമായി..


തന്മയി STD 7





വര : ആയിഷത്ത് ഷാസിയ STD4

# പൂക്കാലം



പൂക്കൾ ചിരിക്കുമൊരു കാലം
ആറ് ഋതുക്കളിൽ ഒരു കാലം
തുമ്പിയുടെയും കരിവണ്ടിന്റെയും
പൂമ്പാറ്റയുടെയും കാലം

പൂന്തേനിന്റെ കാലം
ഏറെ പ്രിയപ്പെട്ട കാലം
തെച്ചി,റോസ്,മന്ദാരം,തുളസി
എന്നിവയുടെ കാലം

വര :ഫാത്തിമ കെ

വര:അളകനന്ദ





വര:ശ്രീലക്ഷ്മി കെ.കെ



**മേഘം**

ഒരു നിമിഷം നീ
ഇരുട്ടിന്റെ റാണിയാകുന്നു
മറുവാക്കു ചൊല്ലാതെ കൂരിരുട്ടിൻ
വെളിച്ചത്തെ മറയ്ക്കുന്ന നീ

ചിലനിമിഷം വെളുത്തും നീ
കറുത്തും ഇരിക്കുന്നു
ഭൂമിയിൽ നിന്ന് നോക്കുമ്പോൾ
നിൻ ഭംഗി പൂക്കളാൽ

പൂത്തു നിൽപ്പെന്നുതോന്നും
നിൻ സന്തോഷം കറുത്തും
വെളുത്തും ഇരിക്കുന്നു

ശ്രേയ STD8

# തംബ്

ദാരിദ്ര്യത്തിന്റെ നടവഴികളിലാതെ റോഡരികിൽ ഞണ്ടി നടക്കുന്ന വഴിയോരക്കുട്ടങ്ങൾക്ക് ജീവിതം നൽകാൻ ഒരു വലീയ കൂടാരംപോലെ ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ ഒരു ദുഖത്തെപോലെ തീരാതെ മനസ്സിൽ കുടിയ ദുഖത്തെ പോലെ ആ സർക്കസ് കൂടാരം. ജീവിത പട്ടിണി ഏറെ അറിക്കാൻ കഴിയാതെ തൻ്റ കുടുബത്തെപോറ്റി വളർത്താൻ ഒരു നടവഴി പോലെ ആ സർക്കസ് കൂടാരം. ജീവിത ദുഖങ്ങൾ ആരോടും പറയാതെ തൻ്റ മനസ്സിൽ കുരുതി വച്ചൊരു കൂടാര ജീവിതം ഒരു നാണയതുമ്പിനു പോലും ദാരിദ്രം കാട്ടുന്ന ജനക്കൂട്ടം ഓരോ സർക്കസ് തുമ്പിന്റ മൂലയിൽ കൈവിട്ടാകളിയിലൂടെ തന്റെ ജീവിതങ്ങളെ ലാളിച്ച് സകടമില്ലാതെ വളർന്നുവതുന്ന സർക്കസ് കുട്ടായിമ. ജീവിസ മുനത്തുമ്പിൽ മുത്തുകൾ പൊട്ടിചിതറുന്നപോലുള്ള അപകടജീവിതം. ഏറെ കഷ്ടിച്ച് തുണികൾ പെറുക്കികൂട്ടിയുള്ള നൊമ്പരം. അത് ആ സർക്കസ് കൂട്ടായിമയേയറുയൂ. കുഞ്ഞിനെ കയ്യിലെടുത്ത് അതിലെ ഓരോ അമ്മമാരും കഷ്ടപെടുന്ന സകടം ജീവിതം നശിപ്പിക്കാൻ തോന്നണം. ഓരോ ഷെഡിലും സകടങ്ങളും വേണമെന്ന് പറയുന്ന ഞരമ്പുകൾ പെട്ടാനെ ചരകൾ ചിതറിതെറിക്കാതെ വെള്ളത്തിൽ കലരാതെയുള്ള ജനങ്ങളുടെ പൈസ. ദൂരത്തേക്കുള്ളതും കുടുംബത്തെ വാഴ്ത്തേണ്ടതും ഒക്കെ തീർന്ന സുഖങ്ങളുടെ മായാത്ത കാൽപ്പാടുകൾ തേയുന്ന ജീവിതത്തിൻ്റെ ചുവട്ടുന്ന പടികൾ പോലെയാണ് ദാരിദ്ര്യസങ്കടം. പൊട്ടുമെന്നറിഞ്ഞിട്ടും ദാരിദ്രത്തിൻെറ തുമ്പിൽ കൈവിട്ട് പോവാൻ ജീവിതക്കൂട്ടായിമ. കോരിച്ചൊരിയുന്ന മഴ പോലെ പൊട്ടാതിരിക്കാൻ ആവാതെ തയ്യാറാവാത്ത ആ കൂട്ടായ്മ.

നയന STD9

## സർക്കസ്

ഒരു കൊച്ചു സർക്കസ് കൂടാരം. അവിടെ കുറച്ചുപേർ അവരുടെ സുഖ – ദുഃഖങ്ങളുമായി ജീവിച്ചു വരുന്നു. അവരുടെ ജീവിതം നാളെ എന്താകുമെന്ന് അവർക്ക് അറിയില്ല. ജീവിക്കാൻ വേണ്ടിയവർ പല പല സാഹസങ്ങള് ചെയ്തുകൊണ്ടിരുന്നു. അതിനുവേണ്ടി അവർ ഒരുപാട് കഷ്ടപാടുകള് സഹിക്കുന്നു. അവർ അവിടെ ഒരു കുടുംബം പോലെയാണ് കഴിയുന്നത്. തങ്ങളുടെ സുഖങ്ങളും ദുഃഖങ്ങളും അവർ പരസ്പരം കൈമാറുന്നു. അവരിൽ ചിലപ്പോള് വലിയ ആള്ക്കാർ മാത്രമല്ല ചെറിയകുട്ടികളും ഉണ്ട്. പടിച്ച് കളിച്ച് നടക്കേ്ട പ്രായത്തിൽ ഒരു ചെറിയ തെറ്റു സംപവിച്ചാൽ ജീവൻ പോകുമെന്ന് അറിയാം എക്കിലും അവർ അത് ചെയ്യുന്നു. നമ്മുക്ക് ഉള്ളതുപോലെ തന്നെ അവർക്കും ആഗ്രഹങ്ങൾ ഉണ്ട്. പക്ഷേ അവർ അന്നന്ന് കിട്ടുന്നതും കൊടണ്ട് ജീവിക്കുന്നു.

അക്കൂട്ടത്തിലെ ഒരു കുട്ടിായണ് ലിസ. ജീവിക്കാൻ വേണ്ടി അവൾ അച്ചനോടൊപ്പോം കഴിയുന്നു. അവൾക്ക് സ്കൂളിൽ പോവാനും കളിക്കാനും വളരെ ഇഷ്ടമാണ്. അമ്മയില്ലാത്ത കുട്ടിയാണവൾ എല്ലാവരേയും കാണുബോൾ അവൾക്ക് സംക്കടമാവും. അവൾ ആഗ്രഹങ്ങൾ ഉള്ളിലൊതുക്കി കഴിയുന്നു. അവൾ കൂട്ടുകാരുമൊത്ത് സൻദോഷത്തോടെ കഴിയുന്നു. അവൾ ചെറിയ ചെറിയ കാര്യങ്ങളിൽ സൻതോഷം കണ്ടെത്തുന്നു.

കൃഷ STD 9

# എന്തു നല്ല രുചിയാ !!



ജീവിതത്തിലെ ചെറിയ കാര്യങ്ങളെ വലിയ കാര്യങ്ങളാക്കി മാറ്റിയവനാണ് സഹൽ. അവന് ഒരു കാര്യവും നിസാരമല്ല. കൈ മുറിഞ്ഞാൽ തുണി വെച്ച് കെട്ടുന്നത് അവന് ഒരു വലിയ ശസ്ത്രക്രിയക്ക് തന്നെ സമാനമായാണ് മനോഭാവം. കാര്യങ്ങൾ നീണ്ടുപോകവേ സഹൽ ഒരു ഹോട്ടൽ തുടങ്ങി,അല്ല ഒരു ചെറിയ തട്ടുകട തുടങ്ങി.ആളുകൾ അവന്റെ ഭക്ഷണത്തെ ആദ്യമാദ്യം ഇഷ്ടപ്പെട്ടു,പിന്നീട് അത് വെറുത്തു തുടങ്ങി.എല്ലാവർക്കും വലിയ വലിയ ഹോട്ടലുകളിലെ മായം ചേർത്ത ഭക്ഷണം മാത്രം മതി.എല്ലാവർക്കും തന്റെ കട ഇഷ്ടപെടാനായി ബാങ്കിൽ നിന്ന് ലോണെടുത് പുതിയ വലിയക്കട തുടങ്ങി.മുന്നിൽ "ഹോട്ടൽ സഹൽ " എന്ന് വലുതായി എഴുതി. എങ്കിലും ആളുകൾ അവിടെ വന്നില്ല.ലോണിന്റെ കാര്യത്തിലാണെങ്കിൽ പുലിവാലായി.ആത്മഹത്യയുടെ വക്കിലെത്തിയപ്പോൾ പ്രിയ സുഹൃത്തായ റഫ്ന പറഞ്ഞു,അൽപ്പം അജ്നാമോട്ടോ പോലെയുള്ള മായവസ്തുക്കൾ ചേർത്താൽ മതിയെന്ന്.ഉടൻതന്നെ സഹൽ

അതുപോലെ ചെയ്തു.ആളുകൾ തന്റെ കടയെയും ഇഷ്ട്പ്പെട്ടു തുടങ്ങി എന്നറിഞ്ഞപ്പോൾ അവന് സന്തോഷമായി. അങ്ങനെ അവൻ കടങ്ങളും ലോണുമൊക്കെ വീട്ടിത്തുടങ്ങി. കാലം മാറിപ്പോയിക്കൊണ്ടിരുന്നു.കേരളമൊട്ടാകെ "ഹോട്ടൽ സഹൽ" പ്രസിദ്ധമായി തീർന്നു.ഒരുനാൾ അവൻ ജോലിക്കായി ഹോട്ടലിലേക്ക് പോയി.പണിക്കാരാരെയും കാണാത്തതിനാൽ അയാൾ സ്വയം പണി ചെയ്തു.എന്നാൽ അയാൾ ചിക്കൻ കറിയിലേക്ക് ചേർത്ത അജ്നാമോട്ടോയുടെ അളവ് കൂടിയത് അദ്ദേഹം അറിഞ്ഞില്ല.അന്ന് അവിടെ ആദ്യമെത്തിയ കുടുംബക്കാർക്ക് അവൻ ഈ കറി വിളമ്പി കൊടുത്തു.അവർ അത് കഴിച്ച് വീട്ടിലേക്ക് പോയി.4 മണിക്കൂർ പിന്നിട്ടപ്പോൾ ഫോണിൽ സഹൽ ഒരു വാർത്ത കണ്ടു.അതിൽ ഭക്ഷ്യവിഷബാധയേറ്റ് മരണമടഞ്ഞ കുട്ടിയുടെ പേരറിഞ്ഞപ്പോൾ അവൻ ഞെട്ടിത്തരിച്ചുപോയി.കാരണം ആ കുട്ടി കുറച്ച് മുൻപ് അവിടെ നിന്നും കഴിച്ചിട്ട് പോയതേ ഉള്ളൂ.ഉടൻ തന്നെ അവൻ ഹോട്ടൽ പൂട്ടിയിടാൻ ശ്രമിക്കുമ്പോഴേക്കും പോലീസ് എത്തിയിരുന്നു.കൊലക്കുറ്റമെന്ന കേസിൽ അവനും സ്റ്റേഷനിലായി.അതിനുശേഷം കേരളത്തിൽ ഇന്നുവരെ "ഹോട്ടൽ സഹൽ " ഉണ്ടായിട്ടില്ല .

ഹർഷിത് എ വി
STD 7



വര:ശിവപാർവണ

## ഉറക്കത്തിൽ നിന്ന്

ആഹ്ലാദമുഴക്കത്തോടെ അവൾ മയക്കത്തിൽ നിന്ന് പതിയെ കണ്ണുകൾ
ഉറന്നു. ചുറ്റും ആൾക്കൂട്ടങ്ങൾ – 'അതെ അവൾക്ക് ഒന്നും പറ്റിയില്ല'
'കയ്യുന്ന പണിക്ക് പോയാപോരേ ' അവളെ കുറ്റപ്പെടുത്തുന്ന വാക്കുകൾ....
' മകൾ എവിടെ ' എല്ലാവരോടുമായി അവൾ ചോദിച്ചു.
അവൾ ഓടിച്ചെന്ന് കൊച്ചിനെ തഴുകി.
അതെ അവനൊന്നും സംഭവിച്ചില്ല. അവൾ അവനേയും മടിയിൽ കയറ്റി
താരാട്ട് പാടി. അവൾ വീണ്ടും ഉറക്കത്തിലേക്ക്

←*flashback*←

"നീ എത്ര ദിവസമായി practise ചെയ്തിട്ട്?
അവൾക്ക് അതിന് സമയം ഉണ്ടോ ഏത് നേരവും കൊച്ചിൻെറ പിറകെ
മറ്റന്നാൾ ആണ് സർക്കസ്" അവൾ ഒന്നും മിണ്ടിയില്ല
(സർക്കസ് ദിനം)
മീരാ..... മീരാ.. നീ എഴുന്നേറ്റില്ലേ?
അവൾ ഇന്നലെ കിടക്കാൻ വൈകിയിരുന്നു
ഇന്നാണ് സർക്കസ് നീ practise ചെയ്തോ?
-മ്....
- ആദ്യം തന്നെ നിൻെറതാ കൊളാക്കരുത്
(അവൾ തംബിലേക്ക് ഇറങ്ങി)
അവൾ ഏണിയിൽ കയറി, അവൾക്ക് പതറി
അവൾ താഴെ വീണു, അവൾക്ക് പേടിയായി തന്നെ പുറത്താക്കുമേ
എന്ന് കരുതി. പിന്നീട് മെല്ല ഉറങ്ങി.
- നീ നാളെ practise-ന് വരണം
ആർക്കും അവളോട് പരിഭവം ഇല്ല.
വീണ്ടും സർക്കസ് തുടങ്ങി.......
സർക്കസ് പൂർണവിജയം അവർ വളരെ സന്തോഷമായി.
അവൾ പെട്ടന്ന് ഉറക്കത്തിൽ നിന്ന് എണീറ്റു. അവൾ അമ്മയോട്
വിളിച്ചുപറഞ്ഞു
-അമ്മേ ഞാൻ ഒരു സ്വപ്നം കണ്ടു.....................

## ഓണക്കാലം

ഓണത്തപ്പൻ വരുമൊരു
നാൾ ചിങ്ങമാസം
അത്തം പത്തിന് തിരുവോണം
പൂക്കളിറുക്കും സദ്യയൊരുക്കും

പൂക്കളമിട്ടും ഊഞ്ഞാലിട്ടും നാള്
പൊന്നോണ നാള്

ശരണ്യ STD3





## തെങ്ങ്

കൽപ്പ വൃക്ഷമായൊരു തെങ്ങ്
കാറ്റിലാടിയുലയ്ക്കും തെങ്ങ്
കേരവൃക്ഷമായൊരു തെങ്ങ്
എന്റെ നാടിന്റെ ഭംഗി തെങ്ങ്


തേങ്ങയുമിളനീരുമുള്ള തെങ്ങ്
കേരള നാടിന്നഭിമാനമായ തെങ്ങ്
ആദിദേവ് STD3



# പൂച്ച


മ്യാവൂ മ്യാവൂ പാടി
കാലത്തെന്നേ എഴുന്നേൽപ്പിക്കും
എന്നെ പള്ളിക്കൂടത്തിൽ
കൊണ്ടു വിടാൻ വരും
ഒന്നിച്ച് കളിക്കും
എന്റെ വീട്ടിലെ മിട്ടു പൂച്ച

പാർഥിവ് STD3





# *मेरे भावुक कवि निराला*


सूर्यकांत त्रिपाठी "निराला"

हिंदी के थे वे महाकवि
आजीवन थे वे महादुखी
मेरे थे वे प्यारे भावुक कवि
छायावादी युग के महाकवि ।

जन्मे थे गांव महिषादल में
बंगाल के जिले मेदिनीपुर में
अठारह सौ छीयानब्बे का साल
इक्कीस फरवरी वसंत पंचमी
मंगलवार के दिन ।

पिताश्री पंडित राम सहाय तिवारी जी वे थे पेशे  से सिपाही महिषादल में असल में वे यूपी के थे|
उन्नाव जिले के गढ़ाकोला गांव
निवासी ।

बचपन का नाम था सूर्यकुमार यानी सुर्ज कुमार
जो जन्म कुंडली बनाने वाले पंडित के कहे
वर्ष तीन के थे प्यारी मां चल बसी
वर्ष बीस के होते-होते पिताजी भी ।

संयुक्त परिवार के वे सदस्य रहे
अपने बच्चों के साथ बोझ पूरे परिवार का
पहले महायुद्ध के बाद फैली महामारी
काल था उन्नीस सौ अठारह ,जरूर
यह यम काल ही था ।

स्पेनिश फ्लू इन्फ्लूएंजा का प्रकोप था पूरा
प्रिय पत्नी मनोहरा देवी,चाचा, भाई और भाभी
इकलौती प्यारी लाडली सरोज बेटी
महाकाल की महाव्याधि के शिकार हुए ।

खो दिए आधे लोग कवि परिवार के
इसी पर कवि ने कह दिया था करुण कहानी -
"दुख ही जीवन की कथा रही
क्या कहूं आज जो नहीं कहीं ।"

दिवंगत पुत्री सरोज की स्मृतियां
झकझोर कर दिया पिता हृदय को ।
तात- विलाप का वह करुणा काव्य
सरोज स्मृति पढ़ने वाले भावुक होंगे
आंखें भीनी भीनी आंसू भीगी भीगी ।

संघर्षों के जीवन में नही त्यागा सिद्धांतों को
समझौते का रास्ता नहीं अपनाया
जीवन जीकर कठिन परिस्थितियों को दिखाया
मन मस्त निराला एकाकी अकेला था ।

उत्तरार्द्ध जीवन का इलाहाबाद में बीता
मोहल्ले दारागंज राय साहब की कोठी के पीछे
कमरे में पंद्रह अक्टूबर इकसठ को
बासठ की आयु में इहलीला समाप्त कर गए ।

छायावादी युग का महाकवि थे वे ,
मुक्तछंद के प्रवर्तक थे
" जूही की कली" थी कविता पहली ,
फिर बाईस में संपादक पत्रिका "सामान्य" ,
"मतवाला" संपादक मंडली में सदस्य रहे ।

साहित्य सृजन में हर दिन अड़े रहे ,
जीवन भर कष्टों में बीते थे ।
पारिवारिक धनाभाव की विपनंता में,
स्वाभिमानी थे वे कहीं टिक्कर काम नहीं किए ।

छायावादी, स्वछंदवादी,प्रगतिवादी कवि थे वे ।

भारतीय इतिहास, दर्शन, परंपरा के
परम ज्ञानी थे।
विचारों की विविधता भावों की
व्यापकता,
किसान जीवन से लगाव पूरी गहराई थी
उनमें ।

"राम की शक्ति पूजा" प्रबंध कविता,
"तुलसीदास" को भी लेकर लेखनी
चलाई थी ।
"भिक्षुक", "परिमल", "गीतिका",
"अनामिका", "अणिमा", "कुकुरमुत्ता",
"नए पत्ते", "बेला", "अर्चना",
"आराधना", "गीताकुंज" काव्य कृतियां
सजायी।
उपन्यास "बिल्लेसुर बकरिहा",
हिंदी गजलों, प्रगीतों की
भी वे रचना की ।

निराला का जीवन ही सर्वत्र
निराली थी संसार साक्षी था ।
भावुक थे मस्त थे कभी-कभी
आई थी मिलने मित्र महादेवी जी ,
प्रेरणा प्रोत्साहन देती थी हमेशा ।

इस जन्म पुण्यतिथि पर शत-शत
प्रणाम।
प्रिय मेरे कविवर दुख के महान गायक
निराला जी।

बालचंद्रन पी.के.

(कवि निरालाजी की जयंती, फरवरी **21** के अवसर पर हिंदी अध्यापक मंच, कासरगोड के तत्वाधान में संपन्न काव्य गोष्ठी में प्रस्तुत कविता)



कवि निरालाजी महादेवी वर्मा जी के साथ

# മഴ

മഴയെന്നാൽ ഭയമാണെനിക്ക്
വറ്റിവറ്റതിയായജലംപോലെയാണെൻമനം
ധരണിയിൽ കൊഴിഞ്ഞ ഒരിളം പൂ പോലെ ഞാൻ
മഴയത്ത് ആദ്യം ശാന്തം
പിന്നെ ജീവൻ ചീന്തും യന്ത്രം
മഴയെന്നാൽ ഭയമാണെനിക്ക്
ചേരുമെൻ സ്വർഗം ചികയുമൊരുയന്ത്രം
ഒരു പ്രളയം ചികഞ്ഞുകളയും
ഒരു കോടി ജീവൻ
മനുഷ്യന്റെ പ്രവർത്തിതൻ ഫലങ്ങൾ
അനുഭവിച്ചീടുക
ഇത് ധരണി നമുക്കായൊരുക്കുന്ന പരീക്ഷണം
ചെയ്യുകില്ലൊരിക്കലും ഞാൻ എൻ
ഭൂമിയെ ദ്രോഹിക്കുകയില്ല
മഴയെന്റെ ജീവൻ കവർന്നെടുക്കുന്ന ഒരു
യന്ത്രമാകരുതെന്ന പ്രാർഥനമാത്രം
മഴയെന്നാൽ ഭയമാണെനിക്ക്
ഇല്ല ഞാൻ ധരണിയെനോവിക്കുകില്ല
മഴയെന്നാൽ ഭയമാണെനിക്ക്
ജല പാളികൾ എന്നെമൂടുമോയെന്ന ഭയം

സൗഭാഗ്യ പി STD 7



# മഴത്തുള്ളി

മഴ മഴ മഴ....
പെയ്യുന്നമഴ ചാറ്റി വീഴുന്ന മഴ
മഴ മഴ മഴ.... മഴത്തുള്ളി
മഴ മഴ മഴ.... മഴമേഘം

മേഘത്തിൽ നിന്നു വീഴുന്ന മഴ
ചീറിപ്പാഞ്ഞു വീഴുന്ന
കുട്ടികൾ തുള്ളി രസിക്കുന്ന
ആഹ്ലാദത്തോടെ രസിക്കുന്ന

മഴ മഴ മഴ.... ഇലകളെ തഴുകി വീഴുന്ന
വീണയുടനെ പാറിയുയരാൻ മഴ മഴ മഴ....
മഴത്തുള്ളി ഭൂമിയിൽ പതിക്കുമ്പോൾ
ചിലർക്കുസങ്കടം ചിലർക്കുസന്തോഷം

മഴ മഴ മഴ....കുട്ടികൾ തുള്ളി
രസിക്കുന്ന മഴ മഴ മഴ....
ചാറി വീഴുന്നെ ഹെ ചാറ്റിവീഴുന്നെ

ജസ്വിൻ ജോസ്



## മഴത്തുള്ളി

വർണ്ണപകിട്ട് പോലെ ഓടിയെത്തുന്നു മഴ
ആർക്കാണത് പവിഴമഴ ആർക്കാണതു ഇഷ്ടമില്ലാത്തത്
എനിക്കിഷ്ടമാണാ മഴ
എൻ ജീവനായൊരു മഴ
എൻ വായുവായ് മഴ
മഴ എന്നെ കാണാനായി വരുന്നതോ?
എന്താണതിന്റെ നിറം?
നിനക്കിഷ്ടമല്ലയോ ആ മഴ?
നിനക്കിഷ്ടമാണോ ആ മഴ?
എന്താണതിന്റെ ആകൃതി?
എവിടെ നിന്നവൾ പെയ്തിറങ്ങുന്നു?
എന്നോട് ചൊല്ലുവിൻ
മഴയെന്താണെന്ന്?
മഴ ദൂതനാണോ?
മഴ ദൈവമാണോ?
വീടില്ലാത്തവർക്കവൻ
കാലനാണോ
വെള്ളമില്ലാത്തവർക്കവൻ ദൈവമാണോ?
ഇതിനൊക്കെയുത്തരം എന്നോട് ചൊല്ലുവിൻ
ആ പവിഴമഴയെപ്പറ്റി
എനിക്കതറിയണം
അവനെനിക്ക് ശത്രുവാകുമോ
അവനെനിക്ക് മരണം വിധിക്കുമോ
അവൻ ആരാണ്
അവന്റെ രൂപമെന്താണ്
അവൻ വെളുത്തിട്ടാണോ കറുത്തിട്ടാണോ

ശിവപാർവണ പി
STD 7

## മഴയുടെ അവസ്ഥ

ഭ്രൂമി കരയുന്നു
മേഘങ്ങൾ അന്തം വിട്ട് നോക്കുന്നു
കാരണമന്വേഷിക്കാൻ തിടുക്കത്തിൽ നെപ്ട്യൂണെത്തി
ശനിയും കൂട്ടുപിടിച്ചെത്തി
ഓസോൺ പാളിക്ക് കാര്യം പിടികിട്ടി
നെപ്ട്യൂൺ ഭ്രൂമിയെ ആശ്വസിപ്പിച്ചു
മേഘങ്ങൾ തിടുക്കത്തിലോടി
സൂര്യൻ ചിരിച്ചുകൊണ്ട് വഴിമാറി
മേഘങ്ങൾക്ക് ആശ്വാസമായി
ഭ്രൂമിയും കൂടെ ശനിയും ചിരിച്ചു
നെപ്ട്യൂണിന് സന്തോഷമായി
മഴ കോരിച്ചൊരിച്ചുകൊണ്ട് മേഘങ്ങൾ ചാടിമറിഞ്ഞു
സൂര്യന്റെ കണ്ണുനീർ തീഗോളമായി താഴേക്ക വീണു
ഭ്രൂമിയിലെ മനുഷ്യരുടെ ശകാരത്തിന്റെ ചൂടായിമാറി
സൂര്യന്റെ കണ്ണുനീർ
ബുധൻ സൂര്യനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു
വഴിയില്ലാതെ അലഞ്ഞുതിരിയുന്ന ഒരു
നക്ഷത്രമായി ഇന്നും സൂര്യൻ ചിരിക്കുന്നു
മഴയുടെ ആഹ്ലാദത്തിൽ കുട്ടികൾ ചിരിക്കാൻ തുടങ്ങി
ചിലവീടുകളിൽ അത് ശത്രുവായ മഴയായി മാറി
ചിലസ്ഥലങ്ങളിലത് വെള്ളപ്പൊക്കമായി മാറി
മഴയ്ക്കും ഭൂമിയിൽ ഗതിയില്ലാതായി മാറി.

ഹർഷിത് എ വി STD7

# കഥകളി

കലയുടെ രാജാവ് ആണല്ലോ
കേരള നാടിന്നഭിമാനം
പച്ച കത്തി കരി മിനുക്ക് എന്നിങ്ങനെ
പല വേഷം
കേരളത്തിലെ കഥകളി എന്ന
കലാരൂപം
കേളികൈ തോടയം വന്ദന ശ്ലോകം
പുറപ്പാട് വേഷം എന്നീ ചടങ്ങുകൾ
കയ്യും മെയ്യും യോജിപ്പിക്കും കലയല്ലോ
നമ്മുടെ സ്വന്തം കഥകളി



അളകനന്ദ കെ
STD 4



# ആസ്വാദനക്കുറിപ്പ്

മലയാളത്തിന്റെ പ്രിയ എഴുത്തുകാരൻ പ്രശസ്തമായ പരിസ്ഥിതി കഥയാണ് "ഹോർത്തൂസുകളുടെ ചോമി"

മനു എന്ന പ്രകൃതി സ്നേഹിയുടെ കഥയാണ് ഇതിലൂടെ പറയുന്നത്. തലശ്ശേരി പട്ടണത്തിൽ യുദ്ധങ്ങളായി വളരുന്ന ബ ഒ ബാബ്മരത്തെ സംരക്ഷിക്കാനുള്ള മനുവിന്റെ ശ്രമം സ്കൂളിൽനിന്ന് ഒരാഴ്ചത്തേക്ക് പുറത്താക്കുന്നതിൽ കലാശിക്കുന്നു. ശേഷം തലശ്ശേരിയിൽ നിൽക്കാൻ സാധിക്കാത്തതിനാൽ അവൻ അമ്മ വീടായ കൊടുങ്ങല്ലൂരിലേക്ക് ചെല്ലുന്നു.നാളുകൾക്കു ശേഷം തന്റെ മുത്തച്ഛനെയും അമ്മയെയും കണ്ട സന്തോഷം മനുവിൽ ഉണ്ടെങ്കിലും തന്നെ സ്കൂളിൽ നിന്ന് പുറത്താക്കിയ കാര്യം എങ്ങനെ അവരോട് പറയും എന്നോർത്ത് അവൻ വിഷമിക്കുന്നു. അവൻറെ വിഷമം മനസ്സിലാക്കിയ മുത്തശ്ശൻ സംഭാഷണം മുത്തശ്ശന്റെ 400 കൊല്ലം പഴക്കമുള്ള വാളിലേക്ക് തിരിച്ചു വിടുന്നു. പണ്ട് ഡച്ചുകാർ കൊടുങ്ങല്ലൂർ കോട്ട പിടിച്ചെടുക്കാൻ വന്നപ്പോൾ അവർക്കെതിരെ പോരാടാൻ ഉപയോഗിച്ച വാളാണ് എന്നും ഇതിൽ അനേകം പറങ്കികളുടെ രക്തം പുരണ്ടി ട്ടുണ്ടെന്നും അദ്ദേഹം മനുവിനോട് പറയുന്നു. പിറ്റേദിവസം മുത്തശ്ശനും മുത്ത് മഹേഷിന്റെ കാറിൽ ഉദ് ഖനനം കാണാൻ തിരിച്ചു. പോകുന്ന വഴിയിൽ മുത്തശ്ശൻ ഉദ് ഖന നം എന്താണെന്ന് പറഞ്ഞു കൊടുത്തു.ചരിത്രത്തിലും പാഠ്യസ്തുക്കളിലും ഒക്കെ താല്പര്യമുള്ള മനു വളരെയധികം ആകാംക്ഷയോടെ അവയെല്ലാം വീക്ഷിക്കുകയും അവിടെ ഉള്ള രശ്മി എന്ന പെൺകുട്ടിയോട് സംസാരിക്കുകയും ചെയ്യുന്ന ശേഷം ചരിത്ര അവശിഷ്ടങ്ങൾക്കിടയിൽ നിന്നും ജോമിയെ മനു കണ്ടെത്തുന്നു അവൾ മനുവിന്റെ ജീവിതത്തെ പ്രകൃതിസ്നേഹം കൊണ്ടും അത്ഭുതങ്ങൾ കൊണ്ടും നിറയ്ക്കുന്നു........

രഞ്ജന പി STD5

# പ്രണയം

പ്രണയം കവിതയാണ്
വരികൾക്കുള്ളിൽ അർത്ഥം
തിരയുന്നതാണ് കവിത
പരന്ന വായനയല്ല, ആഴത്തിലുള്ള
മറിവാണ്
കവിത.

പ്രണയം സംഗീതമാണ്
അനന്യമായിരുന്ന
ബിദോവന്റെ സംഗീതം
മാലിന്യം കാണാത്ത അന്ധതയും
മ്ലേഛത കേൾക്കാത്ത
ബധിരത യുമാണ് സംഗീതം

പ്രണയം പുഴയുടെ താരാട്ട്
പാട്ടാണ്
കാമാതുരത്വം നിറയാത്ത
സ്നേഹ വാക്കുകൾ
കടലാസ് തോന്നിയായലഞ്ഞത്
പുഴയിലാണ്
തെളിഞ്ഞ വെള്ളത്തിന്റെ
ഒഴുക്കാണ് പ്രണയം

പ്രണയം ലഹരിയാവണം
ലഹരി മനസ്സിനാവണം
ചപ്രമഞ്ചത്തിൽ
നിമിഷാർധം കൊണ്ട്
നുരയുന്ന ലഹരിയല്ല
പ്രണയം

കാറ്റിന്റെ തലോടലാണ് പ്രണയം
മഴയുടെ കുളിരാണ് പ്രണയം
പുലരിയുടെ തണുപ്പാണ് പ്രണയം
മൂന്നിലും ഓർമ്മകളുടെ
മാധുര്യമാണ് പ്രണയം

ഫേസ് ബുക്കിലെ
കൂട്ടായ്മയല്ല പ്രണയം
ടാപ്പ് നെറ്റിലെ ചാറ്റിങ്ങിന്റെ
വിങ്ങലല്ല പ്രണയം
പറയാത്ത മൗനത്തിന്റെ
നീരവമാണ് പ്രണയം
കാണാത്ത രൂപത്തിന്റെ
നീലിമയാണ് പ്രണയം

കാറ്റാണ് പ്രണയം
കൈവിരലൊന്നു തഴുകാൻ
കൊതിക്കുന്ന
പൂമരചോട്ടിലെ
കാറ്റാണ് പ്രണയം
കാറ്റത്ത് കുസൃതി കാട്ടുന്ന
മുടിയിഴകളിൽ
മുഖമമർത്താൻ വെമ്പുന്ന
മനസ്സിലെ തീയാണ്
പ്രണയം

പാർക്കിൽ
ഒഴിഞ്ഞ ബെഞ്ചിൽ
ആരെയോ കാത്തിരിക്കുന്ന
കണ്ണിന്റെ തീക്ഷ്ണതയാണ്
പ്രണയം
ഒടുവിൽ
സന്ധ്യാരശ്മികൾ നോക്കി
വിട പറയുന്ന
കണ്ണു നീരിന്റെ ഉപ്പാണ്
പ്രണയം

പഴയ ചകോര പക്ഷിയാണ് ഞാൻ
മുളങ്കാടിൽ ചിറക് മുറിയുന്നു
പുതിയ കാലത്തിന്റെ വിശാലത
ഇല്ലിക്കാട്ടുകൾ മറച്ചതാകാം

സഞ്ജയൻ മനയിൽ
അധ്യാപകൻ


THANK YOU!